## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 333 — 28.11.2018-ൽ മറുപടിയ്ക്ക്

### വയോമധുരം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉണ്ണി<br>ശ്രീ.എൻ.വിജയൻ പിള്ള<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.സി.കൃഷ്ണൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വനിത-ശിശുവികസനവും<br>വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രായമായവർക്ക് ആവശ്യമായ സംരക്ഷണം നൽകാതെ അവരെ തെരുവിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ അവർക്ക് വീട്ടിൽ ശ്രദ്ധയും പരിഗണനയും ലഭിക്കുന്നതിനായി നിയമങ്ങൾ കർശനമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള ആക്ട് 2007-ലെ ഏഴാം അദ്ധ്യായത്തിലെ വ്യവസ്ഥകൾ പ്രകാരം മുതിർന്ന പൗരനെ സംരക്ഷിയ്ക്കാൻ ബാദ്ധ്യതപ്പെട്ടവർ അവരെ പൂർണ്ണമായും ഉപേക്ഷിയ്ക്കണമെന്ന ഉദ്ദേശത്തോടെ പെരുമാറുന്നത് മൂന്നു മാസം വരെയുള്ള തടവോ |

| | | | |
|---|---|---|---|
| | | | അയ്യായിരം രൂപ പിഴയോ രണ്ടും കൂടിയോ ലഭിയ്ക്കുന്ന കുറ്റമാണ്. വയോജനങ്ങളുടെ പരാതികൾ നേരിൽ കേൾക്കുന്നതിനും പരിഹാര ഉത്തരവുകൾ 2007 ലെ നിയമപ്രകാരം പുറപ്പെടുവിക്കുന്നതിനും ആയതിന്മേൽ വയോജനങ്ങൾക്ക് നിയമപരമായ അവകാശ സംരക്ഷണം ഉറപ്പാക്കുന്നതിനും ടി ആക്ട് പ്രകാരം മെയിന്റനൻസ് ട്രൈബ്യൂണലുകളായി ആർ.ഡി.ഒ. മാരെ നിർണ്ണയിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതും അപ്രകാരം വയോജനങ്ങളുടെ പരാതികളിൽ നിയമപരമായി തീർപ്പുകല്പിക്കുകയും ചെയ്യുന്നു. ഈ ആക്ട് ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് ആർ.ഡി.ഒ.മാരെ സഹായിക്കാൻ എല്ലാ ആർ.ഡി.ഒ. ഓഫീസുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റ് മാരെ നിയമിച്ചിട്ടുമുണ്ട്. |
| (സി) | വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി വയോമധുരം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം | (സി) | ഉണ്ട്.<br>സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മുതിർന്ന പൗരന്മാർക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് |

| | | | |
|---|---|---|---|
| | നൽകുമോ; | | കൃത്യമായും പതിവായും നിരീക്ഷിക്കുന്നതിനായി ഗ്ലൂക്കോമീറ്ററുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയായ വയോമധുരം പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 14 ജില്ലകളിലായി 14,000 പേർക്ക് ഗ്ലൂക്കോമീറ്ററുകൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ്; | (ഡി) | വയോജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പരിചരിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോജനങ്ങൾക്കായി സാന്ത്വന പരിചരണ സംവിധാനവും പകൽവീടുകളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. പരിചരിക്കാൻ ആരുമില്ലാതെ കഴിയുന്ന വയോജനങ്ങൾക്കായി സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. കേരളത്തിൽ 16 ഗവ.വൃദ്ധസദനങ്ങൾ സാന്ത്വന പരിചരണ സംവിധാനങ്ങളുമായി പ്രവർത്തിച്ചു വരുന്നു. വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണവും മരുന്നും താമസ സൗകര്യവും സൗജന്യമായി നൽകി വരുന്നു. കൂടാതെ തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ പണികഴിപ്പിക്കുന്ന വയോജനങ്ങൾ-ക്കായുള്ള പകൽ വീടുകളിൽ 82 പകൽ വീടുകൾക്ക് മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ ലഭ്യമാക്കി സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രധാന ശുപാർശകൾ

- സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ വൃദ്ധസദനങ്ങളിലെ അന്തേവാസികളെ നാല് വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്.

  a) സ്വയം പര്യാപ്തർ
  b) ഭാഗികമായി ആശ്രയിക്കുന്നവർ
  c) കിടപ്പു രോഗികൾ
  d) മാനസിക വെല്ലുവിളി നേരിടുന്നവർ

ഓരോ വിഭാഗങ്ങളേയും പ്രത്യേകം തരംതിരിച്ച് താമസിപ്പിക്കേണ്ടതാണ്. ഓരോ വൃദ്ധസദനങ്ങളിലും അനുവദിക്കപ്പെട്ടിട്ടുള്ള അന്തേവാസികളുടെ എണ്ണത്തിൽ നിന്നും 10%ൽ കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല.

- തെരുവുകൾ, ബസ് സ്റ്റാൻഡുകൾ, റയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിലെ വയോജനങ്ങളെ പോലീസിന്റെ സഹായത്തോടെ വൃദ്ധസദനങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതാണ്. വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് വൃദ്ധസദനത്തിന്റെ മേൽവിലാസത്തിൽ ആധാർ കാർഡ് അനുവദിക്കേണ്ടതാണ്.

- വാർഡുതലത്തിലെ കമ്മിറ്റികൾ മുഖേന ഒറ്റപ്പെട്ട് താമസിക്കുന്ന മുതിർന്ന പൗരൻമാരെ കണ്ടെത്തി അവരുടെ സമ്മതത്തോടെ വൃദ്ധസദനത്തിലേക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്. കൂടാതെ വയോജനങ്ങളുടെ കുടുംബപശ്ചാത്തലം മനസ്സിലാക്കി സീനിയർ സിറ്റിസൺസ് ആക്ട് പ്രകാരമുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- വയോജനങ്ങളെ പരിചരിക്കുന്നതിന് പരിശീലനം ലഭിച്ച നഴ്സുമാരേയും Care Taker Provider മാരേയുമേ വൃദ്ധസദനങ്ങളിൽ നിയമിക്കാവൂ.

- വൃദ്ധസദനങ്ങളിൽ രണ്ടാഴ്ചയിൽ ഒരിക്കൽ മെഡിക്കൽ ഓഫീസർ സന്ദർശിക്കുകയും ഓരോ അന്തേവാസിയുടെയും വ്യക്തിഗത റെക്കോഡുകൾ സൂക്ഷിക്കേണ്ടതുമാണ്.

- നിലവിൽ സർക്കാർ, സ്വകാര്യ മേഖലകളിൽ അനുവദിക്കപ്പെട്ട അന്തേവാസികളുടെ എണ്ണം അധികരിച്ചാൽ മാത്രമേ പുതിയ വൃദ്ധസദനങ്ങൾ അനുവദിക്കേണ്ടതായുള്ളൂ.

- എല്ലാ വൃദ്ധസദനങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടതായിരിക്കണം. കുറഞ്ഞത് 10 അന്തേവാസികൾക്കെങ്കിലും ഒരു വൃദ്ധസദനത്തിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

- വൃദ്ധസദനങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേകമായി വാർഡുകൾ ക്രമീകരിക്കേണ്ടതാണ്.

- അന്തേവാസികൾക്ക് കൂടുതൽ സ്ഥലസൗകര്യമുള്ള രീതിയിൽ ഗ്രാമപ്രദേശങ്ങളിൽ പുതിയ വൃദ്ധസദനങ്ങൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.

- കാലാനുസൃതമായി കൗൺസിലിംഗിലൂടെ അന്തേവാസികൾക്ക് അവരുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തേണ്ടതാണ്.

- 2007-ലെ "മാതാപിതാക്കളുടേയും മുതിർന്ന പൗരൻമാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച് ആക്ടും ചട്ടങ്ങളും"-ൽ മുതിർന്ന പൗരൻമാർ തന്റെ കുട്ടികൾക്കും ബന്ധുക്കൾക്കും property കൈമാറ്റം ചെയ്യുന്നതിൽ ചില ഭേദഗതികൾ വരുത്തേണ്ടതായിട്ടുണ്ട്.

- വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് സംസ്ഥാന, ജില്ലാ താലൂക്ക് ലീഗൽ സർവ്വീസ് മുഖേന അവരുടെ സ്വത്തിനും, അവകാശത്തിനും ബന്ധപ്പെട്ട നിയമസഹായം നൽകണം. അതുപോലെ നിർദ്ധനരായ മുതിർന്ന പൗരൻമാർക്കും യാതൊരു പ്രതിഫലവുമില്ലാതെ നിയമ സഹായം എത്തിക്കണം.

- വിദ്യാഭ്യാസ വിദഗ്ധരുമായി കൂടിയാലോചിച്ച്, അലോപതി, ആയുർവേദ, ഹോമിയോ കോളേജുകളിലെ മെഡിക്കൽ, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് നിർബന്ധിതമായി 2 ആഴ്ചത്തെ പരിശീലനം വൃദ്ധസദനങ്ങളിൽ നടപ്പിലാക്കണം.

- വൃദ്ധസദനങ്ങളിലല്ലാത്ത മുതിർന്ന പൗരൻമാർക്ക് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് 70 വയസ്സിനു മുകളിൽ 2000/- രൂപയും, 80 വയസ്സിനു മുകളിൽ 3000/- രൂപയും പ്രതിമാസ പെൻഷൻ പരിഗണിക്കണം. ഈ വർദ്ധനവ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പെൻഷൻ രണ്ടും കൂടിയോ ആകാം. പെൻഷൻ തുക സമയാ സമയങ്ങളിൽ നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്. ശമ്പളവും സർവ്വീസ് പെൻഷനും നൽകുന്നതിന് മുന്നെതന്നെ ക്ഷേമ പെൻഷനുകൾ എല്ലാ മാസവും നൽകുന്നത് പരിഗണിക്കണം.

- ദരിദ്രരായ മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന വിഹിതവും സംഭാവനയും സ്വീകരിച്ച് മുഖ്യമന്ത്രിയുടെ റിലീഫ് ഫണ്ടിന്റെ മാതൃകയിൽ ഒരു ഫണ്ട് ഉണ്ടാക്കണം. ഇതിനു വേണ്ടി ഒരു പ്രത്യേക ലോട്ടറി തുടങ്ങുന്നതിനെ കുറിച്ചും, ആലോചിക്കാവുന്നതാണ്. വൃദ്ധസദനത്തിലെ താമസക്കാരുടെ മരണശേഷം അവരുടെ സ്വത്തുക്കൾ സമ്മത പത്രത്തോടു കൂടി ഈ ഫണ്ടിലേക്ക് ലഭ്യമാക്കാവുന്നതാണ്. ഈ ഫണ്ടിലേക്ക് സംഭാവന നൽകുന്നവർക്ക് നികുതി ഇളവ് നൽകുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്.

- സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളോട് CSR വിഹിതം ഈ നിധി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്, സ്റ്റേറ്റിൽ മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിന് വേണ്ടി ഉപയോഗിക്കുന്നതിനും നിർദ്ദേശം നൽകാവുന്നതാണ്.

- സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ LSG-കളിൽ വാർഡ് ലവൽ കമ്മറ്റികൾ രൂപീകരിച്ച് വികലാംഗരായ മുതിർന്ന പൗരൻമാരെ കണ്ടെത്തി വീൽ ചെയർ നൽകൽ

തിമിര ശസ്ത്രക്രീയ, കണ്ണട നൽകൽ, കേൾവി ഉപകരണം, പല്ലു വയ്ക്കൽ, തുടങ്ങിയവ താലൂക്ക് ആശുപത്രികൾ വഴി പരിഗണിക്കാൻ ശ്രദ്ധിക്കണം.

- മുതിർന്ന പൗരൻമാർക്ക് മുൻഗണനയും, സംവരണവും ലഭ്യമാക്കുന്നതിന് പ്രത്യേക ക്യൂ സജ്ജമാക്കിയിട്ടുണ്ടോയെന്ന് ഉത്തരവ് വഴി നിർബന്ധിച്ച് ഉറപ്പ് വരുത്തണം. സർക്കാർ വകുപ്പുകൾ, ആശുപത്രി, മോട്ടോർ വാഹന വകുപ്പ്, റേഷൻ കടകൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം മുതിർന്ന പൗരൻമാർക്ക് മുൻഗണനയും സംവരണവും ലഭ്യമാക്കുന്നതിന് പ്രത്യേക ക്യൂ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തണം.

- സർക്കാർ ആശുപത്രികൾ, റേഷൻ കടകൾ, വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, തുടങ്ങിയ വകുപ്പുകളിൽ വൃദ്ധസദനങ്ങളിൽ മുതിർന്ന പൗരൻമാർക്ക് മുൻഗണനാക്രമത്തിൽ സേവനം നൽകുന്ന രീതിയിൽ നടപടിയെടുക്കുന്നതിനാവശ്യമായ ഉത്തരവുകൾ നൽകണം.

- MWPSC Act-ൽ പ്രതിപാധിക്കും പ്രകാരം ഉപദേശിക്കാനും തീർപ്പാക്കാനുമുള്ള അധികാരത്തോടെ വയോജന കമ്മീഷൻ രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് വൃദ്ധസദനം paid home എന്നിവക്ക് ചട്ടങ്ങളുടെ നിയന്ത്രണങ്ങളും സർക്കാർ കൊണ്ടുവരണം.

- സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി വഴി മുതിർന്ന പൗരൻമാരുടെ സ്വത്തിനും, അവയവദാനത്തെ കുറിച്ചും വയോജനങ്ങളെ ബോധവാൻമാരാക്കുക. ആയതിന് വേണ്ടി സർക്കാർ ബോധവത്ക്കരണ പരിപാടികളും നിയമസഹായങ്ങളും ലഭ്യമാക്കണം.

- വൃദ്ധസദനങ്ങൾ നടത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ, അന്തേവാസികൾക്ക് അവർ വിശ്വസിക്കുന്ന മതാനുഷ്ഠാനങ്ങൾ തുടരുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതും കുറഞ്ഞത് മൂന്നു വിഭാഗങ്ങൾക്കെങ്കിലും (ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ) പ്രാർത്ഥനാ സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ്. ഒരു അന്തേവാസികളുടെ മേലും യാതൊരു വിശ്വാസവും അടിച്ചേൽപ്പിക്കാൻ പാടില്ലാത്തതാണ്.

- വൃദ്ധസദനങ്ങളിൽ മരണപ്പെടുന്ന അന്തേവാസികളുടെ ശവസംസ്കാര ചടങ്ങുകൾ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിക്കേണ്ടതാണ്.

- മാതാപിതാക്കളോടും മുതിർന്ന പൗരൻമാരോടും ഉള്ള സമീപനം, അവരോട് കാണിക്കേണ്ട ഉത്തരവാദിത്വം എന്നിവ സംബന്ധിച്ച് എട്ട്, ഒൻപത് ക്ലാസുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സെക്ഷൻ ഓഫീസർ